> ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും മികച്ച ഫുട്ബാൾ ടീമുകളിലൊന്നാണിത്. ഏഷ്യൻ കപ്പിന് യോഗ്യത നേടുകയെന്ന ലക്ഷ്യം നമ്മൾ നേടിയെടുത്തു. പക്ഷേ ഗ്രൂപ്പിൽ ഒന്നാം സ്ഥാനക്കാരായി ഫിനിഷ് ചെയ്യുക എന്ന സ്വപ്നം സഫലമാക്കാൻ ഇനിയും കഠിനപ്രയത്നം നടത്തേണ്ടതുണ്ട്.
>
> **സ്റ്റീഫൻ കോൺസ്റ്റെന്റൈൻ**
> ഇന്ത്യൻ ഫുട്ബാൾ ടീം കോച്ച്

www.keralakaumudi.com www.facebook.com/keralakaumudi

ട്വന്റി 20 യിൽ ഇന്ന് 'ഫൈനൽ'

ഇന്ത്യ ആസ്ട്രേലിയ മൂന്നാം ട്വന്റി20 ഇന്ന്

- ഇന്ത്യയും ആസ്ട്രേലിയയും തമ്മിലുള്ള ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന് ഹൈദരാബാദിൽ നടക്കും.
- ആദ്യ മത്സരത്തിൽ ഇന്ത്യയും രണ്ടാം മത്സരത്തിൽ ആസ്ട്രേലിയയും ജയിച്ചതോടെ ഇന്നത്തെ മത്സരത്തിന് ഫൈനലിന്റെ പദവി കൈവന്നിട്ടുണ്ട്.
- റാഞ്ചിയിൽ നടന്ന ആദ്യ ട്വന്റി 20 യിൽ ഒൻപത് വിക്കറ്റിനായിരുന്നു ഇന്ത്യൻ ജയം.
- ഗോഹട്ടിയിൽ നടന്ന രണ്ടാം മത്സരത്തിൽ എട്ട് വിക്കറ്റിനാണ് ആസ്ട്രേലിയ ജയിച്ചത്.
- ട്വന്റി20 ക്ക് മുമ്പ് നടന്ന ഏകദിന പരമ്പരയിൽ ഇന്ത്യ 4-1 ന് ആസ്ട്രേലിയയെ തോൽപിച്ചിരുന്നു.
- ഏകദിനത്തിന് പിന്നാലെ ട്വന്റി 20 യിലും പരമ്പര നേടുക എന്ന ലക്ഷ്യവുമായാണ് വിരാട് കൊഹ്ലിയും സംഘവും ഇന്ന് ഇറങ്ങുക.
- ഗോഹട്ടിയിൽ ഇന്ത്യൻ ബാറ്റിംഗ് നിരയെ തകർത്ത ആസ്ട്രേലിയൻ പേസർ ബ്രെൻ ഡോർഫാണ് കൊഹ്ലിക്കും സംഘത്തിനും വെല്ലുവിളി.
- ഹൈദരാബാദിൽ കഴിഞ്ഞദിവസങ്ങളിൽ കനത്തമഴയുണ്ടായിരുന്നു. ഇന്നും മഴയുണ്ടാകുമെന്നാണ് കാലാവസ്ഥ പ്രവചനം.

ടിവി ലൈവ്: രാത്രി ഏഴുമുതൽ സ്റ്റാർ സ്പോർട്സിൽ

ഇന്ന് കായികദിനം

തിരുവനന്തപുരം : കേരളത്തെ ലോകകായിക ഭൂപടത്തിൽ പ്രതിഷ്ഠിക്കുന്നതിൽ പ്രധാന പങ്കു വഹിച്ച കായിക കേരളത്തിന്റെ പിതാവായലെഫ്. കേണൽഗോദവർമ്മരാജയുടെ ജന്മദിനമായ ഇന്ന് കേരളം കായികദിനമായി ആചരിക്കും. സംസ്ഥാനസ്പോർട്സ് കൗൺസിൽ, കേരള ടേബിൾ ടെന്നിസ് അസോസിയേഷൻ, ലോൺ ടെന്നീസ് അസോസിയേഷൻ, കേരള ഫുട്ബാൾ അസോസിയേഷൻ, അക്വാട്ടിക് അസോസിയേഷൻതുടങ്ങിയ കായിക സംഘടനയിലേക്ക്തുടക്കമിട്ടത് ജി.വി. രാജയാണ്.

നദാൽ ക്വാർട്ടറിൽ

ഷാങ്ഹായ് : ലോക ഒന്നാം നമ്പർ പുരുഷ ടെന്നിസ് താരം റാഫേൽ നദാൽ ഷാങ്ഹായ് മാസ്റ്റേഴ്സ് ടൂർണമെന്റിന്റെ ഫൈനലിലെത്തി. പ്രീക്വാർട്ടറിൽ ഫാബിയോ ഫോഗ്നിനിയെ 6-3, 6 -1 നാണ് നദാൽ കീഴടക്കിയത്. ക്വാർട്ടറിൽ ഗ്രിഗോർ ഡിമിത്രോവാണ് നദാലിന്റെ എതിരാളി.

മൗണ്ട് കാർമൽ ജേതാക്കൾ

മുണ്ടക്കയം : സെന്റ്ജോസഫ്സ് ആൾ കേരള ഇന്റർസ്കൂൾ ബാസ്കറ്റ്ബാൾ ടൂർണമെന്റിലപെൺകുട്ടികളുടെ വിഭാഗത്തിൽ മൗണ്ട് കാർമൽ എച്ച്. എസ്. എസ് ജേതാക്കളായി. ഫൈനലിൽ 51-47 ന് സെന്റ് ജോസഫ്സ് ആലപ്പുഴയെ കീഴടക്കി. ആൺകുട്ടികളുടെ വിഭാഗത്തിൽ ം ഗിരിദീപവും സെന്റ് എഫ്രേമും കിരീടം പങ്കിട്ടു.

കാര്യവട്ടം ഇന്ത്യ- ന്യൂസിലാൻഡ് ട്വന്റി-20

16 മുതൽ ടിക്കറ്റ് വിൽപ്പന

- ഒക്ടോബർ 16 മുതൽ 29 വരെ ടിക്കറ്റുകൾ ഓൺലൈനിൽ
- 30 മുതൽ ഫെഡറൽ ബാങ്കിന്റെ 41 ശാഖകൾ വഴി ടിക്കറ്റുകൾ
- മത്സരം നവംബർ ഏഴിന്. ടീമുകൾ അഞ്ചിന് തിരുവനന്തപുരത്തെത്തും

തിരുവനന്തപുരം: നവംബർ ഏഴിന് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കുന്ന ഇന്ത്യ-ന്യൂസിലൻഡ് ട്വന്റി-20 മൽസരത്തിന്റെ ഓൺലൈൻ ടിക്കറ്റ് വിൽപന ഈ മാസം 16ന് ആരംഭിക്കും. മൽസരത്തിന്റെ ഒഫീഷ്യൽ ബാങ്കായ ഫെഡറൽ ബാങ്കിന്റെ പോർട്ടലായ www.federalbank.co.in വഴിയാണ്ടിക്കറ്റുകൾലഭ്യമാവുക. 29 വരെഓൺലൈനിൽ ടിക്കറ്റ് ലഭിക്കും. ഈ ടിക്കറ്റുകൾ നവംബർ അഞ്ചുമുതൽ വഴുതക്കാട്ടുള്ളഫെഡറൽബാങ്ക് കോട്ടൺഹിൽ ശാഖയിലോ, സ്പോർട്സ് ഹബ്ബിന്റെ ഒന്നാം നമ്പർ ഗേറ്റിലുള്ള(കാര്യവട്ടം യൂനിവേഴ്സിറ്റ് ക്യാമ്പസിന് മുൻവശം) പ്രത്യേക ടിക്കറ്റ് കൗണ്ടറിലൂടെയോഓഫിജിനൽ ടിക്കറ്റുകളാക്കിമാറ്റണം.

ഈമാസം 30 മുതൽ ഫെഡറൽ ബാങ്കിന്റെതെരഞ്ഞെടുക്കപ്പെട്ട 41 ശാഖകൾ വഴിയും ടിക്കറ്റുകൾ ലഭിക്കും. മൽസരത്തിനുള്ള ഒരുക്കങ്ങൾ കാര്യവട്ടം സ്പോർട്സ് ഹബ്ബിൽ പുരോഗമിക്കുകയാണ്. കഴിഞ്ഞ ദിവസം ന്യൂസിലൻഡ് ടീം മാനേജ്മെന്റ് ഗ്രൗണ്ടിൽ പരിശോധന നടത്തിയിരുന്നു. മൽസരത്തിൽ പങ്കെടുക്കാനായി ഇരു ടീമുകളും രാജ്കോട്ടിൽനിന്ന് നവംബർ അഞ്ചിന് പ്രത്യേക വിമാനത്തിൽ രാത്രി 11.30ന് തിരുവനന്തപുരത്തെത്തും. ആറിന് രാവിലെ ഒമ്പതുമുതൽ 12 വരെ ന്യൂസിലാന്റും ഉച്ചയ്ക്ക് രണ്ടുമുതൽ അഞ്ചുവരെ ഇന്ത്യൻ ടീമും സ്പോർട്സ് ഹബ്ബിൽ പരിശീലനം നടത്തും.

മൽസരത്തിന്റെമാർക്കറ്റിങ്പാർട്ണർ റിഡ്ഡ്മീഡിയയും ഹോസ്പിറ്റൽ പാർട്ണർ അനന്തപുരി ആശുപത്രിയുമാണ്. ഇവരുമായുള്ള കരാറിൽകെ.സി.എ. ഇന്നലെ ഒപ്പുവച്ചു. ഏഴിന്വൈകിട്ട്ഏഴിന് ആരംഭിക്കുന്നമൽസരത്തിന്വൈകിട്ട്നാലുമുതൽ പ്രവേശനം അനുവദിക്കുമെന്ന്കെ.സി.എ. ഭാരവാഹികൾ അറിയിച്ചു.

ഇന്ത്യ ന്യൂസിലൻഡ് മത്സരത്തിന്റെ ടിക്കറ്റ് വിൽപനയുടെ എഗ്രിമെന്റ് കേരള ക്രിക്കറ്റ് അസോസിയേഷനും ഫെഡറൽ ബാങ്ക് അധികൃതരും ഒപ്പിട്ട് കൈമാറുന്നു

ടിക്കറ്റുകൾ ലഭിക്കുന്ന ബാങ്ക് ശാഖകൾ

തിരുവനന്തപുരം കോട്ടൺഹിൽ, പട്ടം, പാളയം, പാറ്റൂർ, ശ്രീകാര്യം, വർക്കല, വിഴിഞ്ഞം, ആറ്റിങ്ങൽ, പേരൂർക്കട, നന്തൻകോട്, ശാസ്തമംഗലം, കഴക്കൂട്ടം, നെയ്യാറ്റിൻകര, നെടുമങ്ങാട്, അഞ്ചൽ, ചാത്തന്നൂർ, കൊട്ടാരക്കര, പുനലൂർ, കൊല്ലം, പത്തനംതിട്ട സെന്റ് പീറ്റേഴ്സ്ജങ്ഷൻ, തിരുവല്ല, കോഴഞ്ചേരി, കോട്ടയം, പുതുപ്പള്ളി, ആലപ്പുഴ, ചെങ്ങന്നൂർ, തൊടുപുഴ, എറണാകുളം മറൈൻഡ്രൈവ്, തോപ്പുംപടി, തൃപ്പണ്ണിത്തുറ, ആലുവ ബാങ്ക് ജംഗ്ഷൻ, തൃശ്ശൂർ മെയിൻ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കൽപറ്റ, കണ്ണൂർ, കാസർകോഡ്, നാഗർകോവിൽ, മാർത്താണ്ഡം, പാറശാല എന്നീ ഫെഡറൽ ബാങ്ക് ശാഖകളിലാണ് ടിക്കറ്റ് ലഭിക്കുക.

വില 700 മുതൽ 2000 വരെ

അപ്പർ ലെവൽ- 700 രൂപ, ലോവർ ലെവൽ- 1000 രൂപ, പ്രീമിയം ചെയർ- 2000 രൂപ എന്നിങ്ങനെയാണ് ടിക്കറ്റ് നിരക്കുകൾ. അപ്പർ ലെവലിൽ വിദ്യാർഥികൾക്ക് 50 ശതമാനം ഇളവുണ്ട്. ഇളവു ലഭിക്കാനായി സ്കൂൾ- കോളജ് അധികൃതരുടെ സാക്ഷ്യപത്രം ഹാജരാക്കണം. പ്രവേശന കവാടത്തിൽതിരിച്ചറിയൽ കാർഡും കാണിക്കണം.

50,000 പേർക്ക് മൽസരം കാണാനുള്ള അവസരം സ്റ്റേഡിയത്തിലുണ്ട്. 25193 ടിക്കറ്റുകളാണ് ഓൺലൈനായി വിതരണം ചെയ്യുക.

ട്രാക്ക് ഏഷ്യാകപ്പ് സൈക്ലിംഗ്

ലോകകപ്പ് യോഗ്യത നേടി അലീനയും ദിബോറയും

ന്യൂഡൽഹി: ന്യൂഡൽഹിയിൽനടക്കുന്ന ട്രാക്ക്ഏഷ്യാകപ്പ്സൈക്ലിംഗ് ചാമ്പ്യൻഷിപ്പിലെമികച്ചപ്രകടനത്തോടെമലയാളിതാരം അലീന റെജിയും ദിബോറ ഹെറോൾഡും ഇംഗ്ലണ്ടിൽ നടക്കുന്ന ട്രാക്ക് സൈക്ലിംഗ് ലോകകപ്പിന് യോഗ്യത നേടി. ടീം സ്പ്രിന്റ്, കെയ്റിൻ, വ്യക്തിഗത സ്പ്രിന്റ്ഇനങ്ങളിലാണ് അലീനയും ദിബോറയും ലോകകപ്പിൽമത്സരിക്കുന്നത്. ട്രാക്ക്ഏഷ്യാകപ്പിൽ നിന്ന് ദിബോറ രണ്ട് വെള്ളി മെഡലുകളും അലീന ഒരു വെള്ളിയും നേടിക്കഴിഞ്ഞു.

വായന മരിക്കുന്ന സ്കൂൾ ലൈബ്രറികൾ

പുസ്തകങ്ങൾ ഇവിടെ കാഴ്ചവസ്തുക്കൾ

ആർ. സ്മിതാദേവി

തിരുവനന്തപുരം: സദാ അടച്ചിട്ട അലമാരകൾ. പുറംചട്ട പോലും ഒരിക്കലും തുറന്ന് നോക്കാതെ പൊടിയും ചിതലുമരിച്ച് ആർക്കോവേണ്ടി തപസിരിക്കുന്ന പുസ്തകങ്ങൾ. പേര് ലൈബ്രറി. പക്ഷേ, പുസ്തക വായന പോയിട്ട്, പത്ര വായന പോലുമില്ല. വെറും കാഴ്ചവസ്തുക്കളായി മാറിയിരിക്കുകയാണ് സംസ്ഥാനത്തെ ഭൂരിഭാഗം സർക്കാർ,എയ്ഡഡ്സ്കൂൾ ലൈബ്രറികളും.

സംസ്ഥാനത്ത് ഒരു സ്കൂളിലും ലൈബ്രേറിയനില്ല. പലസ്കൂളിലും ലൈബ്രറിക്കായി പ്രത്യേകം മുറിയില്ല . ലൈബ്രേറിയന്റെ ചാർജ്ജുള്ള അദ്ധ്യാപകരും രേഖകളിൽ മാത്രം. ഇഷ്ടമുള്ള പുസ്തകം എടുത്ത് വായിക്കാൻ കുട്ടികൾക്ക് അനുവാദമില്ല.

ലൈബ്രറി പ്രവർത്തിക്കുന്നുണ്ടെന്ന തെറ്റായ വിവരമാണ് ഭൂരിഭാഗം സ്കൂളുകളും വിദ്യാഭ്യാസവകുപ്പിന് നൽകിയിട്ടുള്ളത്. ലൈബ്രറികളുടെ ശോചനീയ സ്ഥിതി വെളിപ്പെടുത്തി എസ്.സി.ഇ.ആർ.ടി ഡയറക്ടർ ഡോ. എസ്. രവീന്ദ്രൻനായർകമ്മിഷൻ 2014 ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. സ്കൂൾ ലൈബ്രറികൾ വിദ്യാഭ്യാസത്തിൽ പങ്ക് വഹിക്കുന്നില്ലെന്നും ,കുട്ടികളെ വായനയിലേക്ക് നയിക്കുന്നില്ലെന്നുമായിരുന്നു കണ്ടെത്തൽ. റിപ്പോർട്ട് വന്ന് വർഷം മൂന്ന് പിന്നിട്ടിട്ടും സ്ഥിതി പഴയത്പോലെതന്നെ.

സ്കൂൾ ലൈബ്രറികളുടെ സ്ഥിതി ഇങ്ങനെ

- ലൈബ്രറി പീരിയഡില്ല, ലൈബ്രേറിയനുമില്ല
- കുട്ടികളുടെ അഭിരുചിക്കിണങ്ങുന്ന പുസ്തകങ്ങളില്ല; ഉണ്ടെങ്കിൽ തന്നെ കുട്ടികൾക്ക് നൽകാറില്ല.
- ഭൂരിഭാഗം സ്കൂളുകളിലും ദിനപത്രങ്ങൾ പോലും കുട്ടികൾക്ക് ലഭ്യമല്ല.
- ലൈബ്രറിയെന്ന് പേരിട്ട വിളിക്കുന്ന മുറികൾ പലയിടത്തും തുറക്കാറില്ല. തുറന്നാൽ തന്നെ ഇരുന്ന് വായിക്കാനുള്ള ഫർണിച്ചറില്ല.

റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ

- സ്കൂൾ ലൈബ്രറിക്ക് 1000 അടി വിസ്തീർണമെങ്കിലുമുള്ള മുറി വേണം.
- എല്ലാ ആഴ്ചയും ലൈബ്രറി പിരീയഡ്. കുട്ടികളെ വായിക്കാൻ പ്രേരിപ്പിക്കണം.
- ദിവസവും സ്കൂൾ സമയത്തിന് പുറമേ ഒരു മണിക്കൂർ ലൈബ്രറി പ്രവർത്തിക്കണം.
- എം.പി,എം.എൽ.എഫണ്ട്ലൈബ്രറികൾക്കും അനുവദിക്കണം.
- ലൈബ്രറി നടത്തിപ്പിനും പുസ്തകങ്ങൾ തിരഞ്ഞെടുക്കാനും കുട്ടികൾ ഉൾപ്പെട്ട ലൈബ്രറി കമ്മിറ്റി രൂപീകരിക്കണം. വായിച്ച പുസ്തകത്തെക്കുറിച്ച് ഡയറിക്കുറിപ്പും ഗ്രൂപ്പ് ചർച്ചയും .

KAUMUDI SPECIAL

സ്കൂൾ ലൈബ്രറികൾ:

(2015-16 വർഷത്തെ കണക്ക്)

- ഗവ. ഹൈസ്കൂൾ-1164. ലൈബ്രറിഇല്ലാത്തവ-148 യു. പി സ്കൂൾ- 945. ലൈബ്രറി ഇല്ലാത്തവ - 271. എൽ.പി സ്കൂൾ -2586. ലൈബ്രറി ഇല്ലാത്തവ -1179
- എയ്ഡഡ്ഹൈസ്കൂൾ -1418. ലൈബ്രറി ഇല്ലാത്തവ - 17.യു. പി സ്കൂൾ -1796. ലൈബ്രറി ഇല്ലാത്തവ - 397. എൽ.പി. സ്കൂൾ -3928. ലൈബ്രറി ഇല്ലാത്തവ - 1231

സർക്കാരിനെ മോശമാക്കി ചിത്രീകരിക്കാൻ ശ്രമം: മന്ത്രി ടി.പി. രാമകൃഷ്ണൻ

തിരുവനന്തപുരം: അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ആക്രമിക്കപ്പെടുന്നുവെന്ന പ്രചാരണത്തിന് പിന്നിൽ സർക്കാരിനെ മോശമാക്കി ചിത്രീകരിക്കാനുള്ള നീക്കവും ഉണ്ടായേക്കാമെന്ന്മന്ത്രി ടി.പി. രാമകൃഷ്ണൻവാർത്താസമ്മേളനത്തിൽ പറഞ്ഞു.

ഇത്തരംപ്രചാരണങ്ങളെസർക്കാർ ശക്തമായി നേരിടും. പശ്ചിമബംഗാൾ സർക്കാരുമായി ബന്ധപ്പെടേണ്ട എന്തെങ്കിലും പ്രശ്നങ്ങളുണ്ടോയെന്നും തെറ്റായ പ്രചാരണങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. സ്വദേശി- പരദേശി എന്ന വേർതിരിവില്ലാതെയാണ് അന്യസംസ്ഥാന തൊഴിലാളികൾക്ക് ഇവിടെ സംരക്ഷണം നൽകുന്നത്. ഇവരുടെക്ഷേമംലക്ഷ്യമാക്കിഇടതുസർക്കാർ നിരവധിപദ്ധതികൾക്ക്രൂപംനൽകിയിട്ടുണ്ട്. ആവാസ് എന്നപേരിൽനടപ്പാക്കുന്നത്വിപ്ലവകരമായ ക്ഷേമപദ്ധതിയാണ്. കൂടിയേറ്റ തൊഴിലാളികളുടെ കൃത്യമായ എണ്ണവും മറ്റ് വിവരങ്ങളുമുൾക്കൊള്ളിച്ച്വിശദമായ ഡാറ്റാബാങ്ക്തയ്യാറാക്കി തിരിച്ചറിയൽ കാർഡ്വിതരണം ചെയ്യാൻ ഈ പദ്ധതിയിലൂടെ സാധിക്കും. കാർഡിൽഘടിപ്പിച്ചിട്ടുള്ള ചിപ്പിൽ തൊഴിലാളികളെ സംബന്ധിച്ച എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്.

ശബരിപാതയുടെ മുതൽമുടക്ക്: ചർച്ചയ്ക്ക് റെയിൽവേ ബോർഡ് ചെയർമാൻ വരുന്നു

തിരുവനന്തപുരം: ചെലവിനെ ചൊല്ലി രണ്ട് വർഷം മുൻപ് റെയിൽവേ നിർമ്മാണ നടപടികൾ നിറുത്തിവച്ച ശബരിപാത വീണ്ടും ട്രാക്കിലാക്കാൻ റെയിൽവേ ബോർഡ് ചെയർമാൻ അശ്വിൻ ലോഹാനി കേരളത്തിലെത്തും. സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥന പ്രകാരമാണ് അദ്ദേഹം വരുന്നത്. കേന്ദ്രബഡ്ജറ്റിന്മുന്നോടിയായിഇക്കാര്യത്തിൽതീരുമാനമുണ്ടാക്കുകയാണ്ലക്ഷ്യം.

പത്തുവർഷം മുമ്പാരംഭിച്ച ശബരി റെയിൽപാത, ചെലവിന്റെ പകുതി വഹിക്കണമെന്ന നിർദ്ദേശം സംസ്ഥാനം തള്ളിയതിനെതുടർന്നാണ് റെയിൽവേ നിറുത്തിവച്ചത്. പിന്നീട് കേന്ദ്രസർക്കാർ മുൻകൈയെടുത്താണ് ശബരി പാത വീണ്ടും പരിഗണനയ്ക്കെത്തിയത്. പ്രധാനമന്ത്രിയുടെ പ്രഗതി പദ്ധതിയിൽ ഉൾപ്പെടുത്തി ശബരിപാത നിർമ്മിക്കുമെന്നായിരുന്നു അന്നത്തെ ഉറപ്പ്.

എന്നാൽ റെയിൽവേയ്ക്ക് ഇതിന്റെ നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ലെന്നും സംസ്ഥാന സർക്കാരുമായി ചേർന്നുള്ള കേരള റെയിൽവേ ഡെവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി സംയുക്ത മേഖലയിൽനിർമ്മിക്കണമെന്നാണ്റെയിൽവേ വാദിക്കുന്നത്. ഇതിന് സംസ്ഥാനം ഒരുക്കമല്ല.

പ്രോ ആക്ടീവ് ഗവൺമെന്റ് ആൻഡ് ടൈംലി ഇംപ്ലിമെന്റേഷൻ എന്ന പ്രഗതി പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ ശബരിപാത നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാമെന്ന നേട്ടവുമുണ്ട്. ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടിസംസ്ഥാന സർക്കാർ റെയിൽവേ ബോർഡിനും മന്ത്രിക്കും പ്രധാനമന്ത്രിക്കും നിവേദനം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ബോർഡ് ചെയർമാൻ എത്തുന്നത്. അദ്ദേഹം വരുന്ന തീയതി അറിയിച്ചിട്ടില്ലെന്ന് റെയിൽവേ ചുമതലയുള്ള പൊതുമരാമത്ത് മന്ത്രിയുടെ ഓഫീസ് അറിയിച്ചു.

തിരുവനന്തപുരം - ചെങ്ങന്നൂർ റാപിഡ് റെയിൽ ട്രാൻസിറ്റ് പദ്ധതിയുടെനടത്തിപ്പും ബോർഡ് ചെയർമാനുമായി ചർച്ച ചെയ്യും. സബർബൻ റെയിൽവേ പദ്ധതിയായി ആവിഷ്കരിച്ച ചെങ്ങന്നൂർ റെയിൽവേ സർവീസ് പിന്നീട് റാപിഡ് റെയിൽ ട്രാൻസിറ്റ് പദ്ധതിയായി പുനഃക്രമീകരിക്കുകയായിരുന്നു. മേൽപ്പാലങ്ങളും ഓട്ടോമാറ്റിക് സിഗ്നൽ സംവിധാനവും ഒരുക്കി നിലവിലെ റെയിൽ പാതയിലൂടെ തന്നെ പ്രത്യേകടെയിൻസർവീസ്നടത്തുകയാണ്ലക്ഷ്യം.

രണ്ടായിരം കോടിയോളം ചെലവുള്ള പദ്ധതി സംയുക്ത മേഖലയിലാണ് നടപ്പാക്കുക. ഇതിന്റെ ശുപരേഖയും റെയിൽവേ ബോർഡ് ചെയർമാനുമായുള്ള കൂടിക്കാഴ്ചയിൽ ചർച്ചയാകും.

ഇരുന്നിടത്തിരുന്ന് നശിക്കരുത്: വീരേന്ദ്രകുമാർ

കോഴിക്കോട്: ഇരുന്നിടത്തിരുന്ന് നശിക്കരുതെന്ന് പാർട്ടി നേതാക്കളോട്ആഹ്വാനംചെയ്ത്രാഷ്ട്രീയ മാറ്റത്തിന്റെ സൂചന നൽകി ജെ.ഡി.യു സംസ്ഥാന പ്രസിഡന്റ്എം.പി. വീരേന്ദ്രകുമാർ എം.പി. കോഴിക്കോട് കടപ്പുറത്ത്നടന്ന ഡോ. റാം മനോഹർ ലോഹ്യ അനുസ്മരണ ചടങ്ങ് ഉദ്ഘാടനം ചെയ്യവെയാണ് വേദിയിലിരുന്ന ജെ.ഡി.യു. നേതാക്കളെ വീരേന്ദ്രകുമാർ ഇക്കാര്യം ഓർമ്മിപ്പിച്ചത്. അവനവന് വേണ്ടിയല്ല, സമൂഹത്തിന് വേണ്ടിയാണ് പ്രവർത്തിക്കേണ്ടത്. അതിന് ഇച്ഛാശക്തി വേണമെന്ന് അദ്ദേഹം പറഞ്ഞു.

ജനരക്ഷായാത്രയ്ക്ക് കോട്ടയം നാഗമ്പടത്ത് നൽകിയ സ്വീകരണ സമ്മേളനത്തിൽ ജാഥാ ക്യാപ്ടൻ ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് കുമ്മനം രാജശേഖരനെ ബി.ഡി.ജെ. എസ്. സെക്രട്ടറി സുഭാഷ് വാസു സ്വീകരിക്കുന്നു

താരപരിവേഷമില്ലാതെ ദിലീപ് ഗുരുവായൂർ ക്ഷേത്രത്തിൽ

ഗുരുവായൂർ: താരപരിവേഷമില്ലാതെ നടൻ ദിലീപ് ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനം നടത്തി. പതിവിന് വിരുദ്ധമായി ആരാധകരോ പരിചാരകരോ കൂടെയില്ലാതെയാണ് ദിലീപ് എത്തിയത്. ഇന്നലെ രാവിലെ ആറരയോടെ ഉഷപൂജയ്ക്ക് ശേഷമായിരുന്നു ക്ഷേത്രദർശനം. ജയിൽ വാസത്തിന് ശേഷം ആദ്യമായി ഗുരുവായൂരിലെത്തിയ ദിലീപിനോടൊപ്പം സുഹൃത്തും നിർമ്മാതാവുമായ പ്രേമൻ മാത്രമാണ് ഉണ്ടായിരുന്നത്. മുൻപ് ഗുരുവായൂരിൽ എത്തുമ്പോൾ കൂടെയുണ്ടാകാറുള്ള ആരാധകരോ പരിചാരകരായിക്കൂടെയുണ്ടാകാറുള്ള ദേവസ്വം ജീവനക്കാരോ ഇന്നലെ ദിലീപിനെ അകമ്പടി സേവിക്കാനും ഉണ്ടായില്ല.

നടൻ വരുന്നത് നേരത്തെ അറിയിച്ചിരുന്നെങ്കിലും ഇവരാരും നടനെ സ്വീകരിക്കാൻ എത്തിയില്ലെന്നതും ശ്രദ്ധേയമായി. താരത്തെ കൺമുന്നിൽ കണ്ടതിന്റെ ആഹ്ലാദമോ നടനെ പരിചയപ്പെടുന്നതിനുള്ള ശ്രമമോ ക്ഷേത്രത്തിൽ ഉണ്ടായിരുന്ന സ്ത്രീകൾ അടക്കമുള്ളഭക്തരും പ്രകടിപ്പിച്ചില്ല. സോപാനപടിയിൽ കദളിക്കുലയും, നെയ്യും സമർപ്പിച്ച. ക്ഷേത്രം മേൽശാന്തിക്ക് ദക്ഷിണ നൽകി പ്രസാദവും സ്വീകരിച്ചു.

തുടർന്ന് കദളിപഴം, വെണ്ണ, പഞ്ചസാരഎന്നിവകൊണ്ട് തുലാഭാരവും നടത്തി. തുലാഭാരത്തിനായി 26,655 രൂപ ദേവസ്വത്തിൽ അടച്ച. ഉപദേവതകളായ അയ്യപ്പൻ, ഭഗവതിഎന്നിവരെദർശനം നടത്തിയശേഷം ക്ഷേത്രത്തിന് പുറത്തെ കാര്യാലയം ഗണപതിക്ഷേത്രത്തിൽ തേങ്ങയുടച്ച്തൊഴുതാണ് ദിലീപ്ഗുരുവായൂരിൽ നിന്നും മടങ്ങിയത്.

ഗുരുവായൂർ ക്ഷേത്ര സന്നിധിയിൽ നടൻ ദിലീപ്

സാന്ത്വനചികിത്സ ആവശ്യമുള്ളതിൽ ആറിലൊന്നുപേർ ഇന്ത്യയിൽ

തിരുവനന്തപുരം: ലോകത്ത് സാന്ത്വനചികിത്സ ആവശ്യമുള്ള രോഗികളിൽ ആറിലൊന്നുപേർ ഇന്ത്യയിലാണെന്ന് ആരോഗ്യപ്രസിദ്ധീകരണമായ 'ദി ലാൻസെറ്റ്' പ്രസിദ്ധീകരിച്ചപഠനത്തിൽപറയുന്നു. 14ന് ലോക പാലിയേറ്റീവ്കെയർദിനാചരണത്തോടനുബന്ധിച്ചാണ് ലാൻസെറ്റ് ഈ വിവരങ്ങൾ പുറത്തുവിട്ടത്. 25 രാജ്യങ്ങളിൽ നിന്നുള്ള 61 എഴുത്തുകാരടങ്ങിയ കമ്മിഷൻ ഓൺ ഗ്ലോബൽ ആക്സസ്സ് പാലിയേറ്റിവ് കെയർ ആൻഡ് പെയിൻ റിലീഫ്ആണ്പഠനം നടത്തിയത്. പാലിയേറ്റിവ്കെയർ വിദഗ്ദ്ധനും പാലിയം ഇന്ത്യചെയർമാനുമായ ഡോ. എം.ആർ. രാജഗോപാൽ സംഘത്തിലുണ്ടായിരുന്നു.

മങ്ങാത്ത കാഴ്ച: ലോക കാഴ്ച ദിനത്തിൽ പാളയം മദർ തെരേസ ഹാളിൽ നടന്ന വേൾഡ് ബ്ലൈൻഡ് വാക്ക് പരിപാടിയിൽ ബിഷപ്പ് സൂസപാക്യത്തെ ഹസ്തദാനം ചെയ്യുന്ന മുഖ്യമന്ത്രി പിണറായി വിജയൻ. സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി, ബാബു മാത്യു, റവ. ജോർജ്ജ്.ജെ. ഗോമസ് എന്നിവർ സമീപം -ഫോട്ടോ: ജിതേഷ്ദാമോദർ